ആഗോള നിക്ഷേപക സമ്മേളനം

6 [1145] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:
„ വി. ഡി. സതീശൻ:
„ എം. എ. ചന്ദ്രശേഖരൻ:
„ കെ. എ. ചന്ദ്രൻ:
„ ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം നടത്തിയ ആഗോള നിക്ഷേപക സമ്മേളനത്തിന്റെ ഫലമായി എന്തു തുകയ്ക്കുള്ള നിക്ഷേപ മൂലധന വ്യവസായങ്ങൾ സംസ്ഥാനത്ത് സ്ഥാപിക്കപ്പെട്ടു;

(ബി) ഇതിൽ ഫോറിൻ ഡയറക്ട് ഇൻവെസ്റ്റ്മെന്റ് ഉണ്ടോ; എങ്കിൽ എത്ര യെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തേക്ക് വിദേശ മൂലധന നിക്ഷേപകരെ ആകർഷിക്കാൻ എന്തെല്ലാം നടപടികൾ എടുക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 121.25 കോടി രൂപ മുതൽമുടക്കുവരുന്ന 11 പദ്ധതികൾ ആരംഭിക്കുകയുണ്ടായി.

(ബി) ഇല്ല.

(സി) വിദേശ നിക്ഷേപം ആകർഷിക്കുന്നതിന്റെ ഭാഗമായി വിദേശത്തുള്ള കമ്പനികളുമായി അവിടെപോയി ചർച്ച നടത്തിയതിന്റെ ഫലമായി ഈ കമ്പനികൾ കേരളത്തിൽവന്ന് സാദ്ധ്യതാ പഠനം നടത്തിവരികയാണ്. ഇതുപോലെ വിദേശത്തുള്ള പ്രമുഖ കമ്പനികൾ സന്ദർശിച്ച് അവരെ കേരളത്തിൽ നിക്ഷേപം നടത്തുവാൻ ക്ഷണിക്കാൻ ഉദ്ദേശിക്കുന്നു. ഇത്തരം നിക്ഷേപകരുടെ താൽപര്യം അനുസരിച്ച് പ്രത്യേക വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്ന കാര്യവും പരിഗണനയിലുണ്ട്.

ജിമ്മിനുശേഷം ആരംഭിച്ച വ്യവസായ യൂണിറ്റുകൾ

7 [1146] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിമ്മിനുശേഷം സംസ്ഥാനത്ത് എത്ര വ്യവസായ യൂണിറ്റുകൾ ആരംഭിച്ചു എന്നും ഇതിൽ ജിമ്മിൽ ഒപ്പുവെച്ച ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ എത്ര വ്യവസായങ്ങൾ ആരംഭിച്ചു എന്ന് വെളിപ്പെടുത്താമോ; ഇതിൽ പൊതുമേഖലാ സ്ഥാപനങ്ങൾ എത്ര; സ്വകാര്യ സ്ഥാപനങ്ങൾ എത്ര;

(ബി) കേന്ദ്ര കമ്പനികാര്യവകുപ്പിന്റെ രജിസ്ട്രേഷൻ ലഭിച്ച എത്ര സ്ഥാപനങ്ങൾ ജിമ്മിനുശേഷം ആരംഭിച്ചിട്ടുണ്ടെന്ന് പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly